മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഫെബ്രുവരി 28

# വാർത്താക്കുറിപ്പ്

## ഫുഡ് സയൻസ്: പഠന-ഗവേഷണങ്ങൾക്ക് എം.ജി. എൻ.ഐ.എഫ്.റ്റി.ഇ.എം. സഹകരണം

ഭക്ഷ്യ ശാസ്ത്ര-സാങ്കേതിക വിദ്യാരംഗങ്ങളിൽ യോജിച്ച പഠന - ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അറിവും വൈദഗ്ധ്യവും പരസ്പരം കൈമാറുന്നതിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠന-ഗവേഷണ മേഖലകളിലെ സൗകര്യങ്ങളും അറിവുകളും പരസ്പരം പങ്കു വയ്ക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലയും തഞ്ചാവൂർ-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റും (എൻ.ഐ.എഫ്.റ്റി.ഇ.എം.) ധാരണാപത്രം ഒപ്പു വച്ചു. ദേശീയ ശാസ്ത്ര ദിനാചരണത്തോടനുബന്ധിച്ച് തഞ്ചാവൂർ എൻ.ഐ.എഫ്.റ്റി.ഇ.എം. ഓൺലൈനായി സംഘടിപ്പിച്ച പരിപാടിയിലാണ് മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. പ്രകാശ് കുമാർ ബി. യും തഞ്ചാവൂർ എൻ.ഐ.എഫ്.റ്റി.ഇ.എം. ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണനും ധാരണാപത്രത്തിൽ ഒപ്പു വച്ചത്.

എൻ.ഐ.എഫ്.റ്റി.ഇ.എം. പോലെ ആഗോളതലത്തിൽത്തന്നെ അറിയപ്പെടുന്ന ഒരു സ്ഥാപനവുമായുള്ള സഹകരണം മഹാത്മാഗാന്ധി സർവ്വകലാശാലെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനകരമാണെന്ന് പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്ത വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സർവ്വകലാശാല സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ഫുഡ് ടെക്നോളജി ഓണററി ഡയറക്ടർ ഡോ. ജിഷ എം.എസ്., കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. അനുജ തോമസ് എന്നിവരും സന്നിഹിതരായിരുന്നു.

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന് കീഴിൽ തഞ്ചാവൂരിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് എൻ.ഐ.എഫ്.റ്റി.ഇ.എം. പഠന-ഗവേഷണ പ്രവർത്തനങ്ങൾ കൂടാതെ ഭക്ഷ്യ സംസ്കരണ വിപണന രംഗങ്ങളിൽ കൺസൾട്ടൻസി സേവനങ്ങളും പരിശീലന പ്രവർത്തനങ്ങളുമെല്ലാം ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തി വരുന്നു.

ഭക്ഷ്യ സംസ്കരണവുമായി ബന്ധപ്പെട്ട അത്യാധുനീക സൗകര്യങ്ങളോട് കൂടിയ ലബോറട്ടറികളും ഇൻസ്റ്റിറ്റ്യൂട്ടിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യധാന്യ സംസ്കരണം, മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ ഉത്പാദനം, ഉപോത്പന്നങ്ങളുടെ വിപണനസാധ്യതകൾ, ഭക്ഷ്യ മേഖലയിലെ പാഴ്‌വസ്തുക്കളുടെ പുനരുപയോഗം തുടങ്ങിയ വിവിധ മേഖലകൾ കേന്ദ്രകരിച്ചുള്ളതാണ് എൻ.ഐ.എഫ്.റ്റി.ഇ.എം. നടത്തുന്ന പഠന - ഗവേഷണ പ്രവർത്തനങ്ങൾ ഗവേഷണ വികസനരംഗത്ത് സ്വദേശത്തും വിദേശത്തുമായി പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടുമായുള്ള സഹകരണം മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി നടത്തുന്ന വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്ഥാപനത്തിന് കീഴിൽ എം.എസ്.സി. ഫുഡ് സയൻസ് ആന്റ് ടെക്നോളജി കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് അവസാന സെമസ്റ്ററിലെ പ്രോജക്ട് ജോലികൾ തഞ്ചാവൂർ

എൻ.ഐ.എഫ്.റ്റി.ഇ.എമിലും ചെയ്യുന്നതിന് ഇനി അവസരമുണ്ടാകുമെന്ന് ഓണററി ഡയറക്ടർ ഡോ. എം.എസ്. ജിഷ പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ :** മഹാത്മാഗാന്ധി സർവ്വകലാശാല തഞ്ചാവൂർ എൻ.ഐ.എഫ്.റ്റി - ഇ എമ്മു മായി ധാരണാപത്രം ഒപ്പുവച്ച ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി റ്റി അരവിന്ദ കുമാർ, രജിസ്ട്രാർ പ്രൊഫ. പ്രകാശ് കുമാർ ബി , ഡോ.എം.എസ് ജിഷ, ഡോ. അനുജ തോമസ് എന്നിവർ '

(പി.ആർ.ഒ./39/233/2022)

## നാളത്തെ (മാർച്ച് -2 ) പരീക്ഷ മാറ്റി

നാളെ (മാർച്ച രണ്ടിന്) നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എ. /ബി.കോം. (സി.ബി.സി.എസ്. 2020 അഡ്മിഷൻ - റെഗുലർ / 2019, 2018, 2017 അഡ്മിഷൻ - റീഅപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ മാർച്ച് 18 ലേക്ക് മാറ്റി. അന്ന് ഉച്ചയ്ക്ക് 2 മണി മുതൽ അഞ്ച് മണി വരെ യായിരിക്കും പരീക്ഷാ സമയം. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/234/2022)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ ഇൻസ്ട്രുമെൻ്റ് ടെക്നിഷ്യൻ തസ്തികയിലേക്ക് പ്രതിമാസം 20,000 രൂപ വേതനത്തിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

ഓപ്പൺ വിഭാഗത്തിലുള്ള ഈ ഒഴിവിലേക്ക് ബയോടെക്നോളജി / ബയോ കെമിസ്ട്രി/ മൈക്രോബയോളജി / ബയോ ഫിസിക്സ് എന്നിവയിലേതെങ്കിലുമൊന്നിൽ ബിരുദാനന്തര ബിരുദവും അനിമൽ സെൽ കൾച്ചർ, ഗ്യാസ് ക്രോമാറ്റോ ഗ്രഫി - മാസ് സ്പെക്ട്രോമെട്രി, ഹൈ- പെർഫോർമൻസ് ലിക്വിഡ് ക്രോമാറ്റോ ഗ്രഫി, ഫോറിയർ - ട്രാൻസ്ഫോം ഇൻഫ്രാറെഡ് സ്പെക്ട്രോ സ്കോപ്പി, ഹൈ- പെർഫോർമൻസ് തിൻ- ലെയർ ക്രോമാറ്റോ ഗ്രഫി, ഇൻവെർട്ടഡ് സ്പെയ്സ് കോൺട്രാസ്റ്റ് മൈക്രോസ് കോപ്, ലിക്വിഡ് ക്രോമാറ്റോ ഗ്രഫി മാസ് സ്പെക്ട്രോ മെട്രി, അൾട്രാവയലറ്റ് വിസിബിൾ സ്പെക്ട്രോസ്കോപ്പി എന്നിവയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പരിചയവുമുണ്ടായിരിക്കണം. പ്രായം 2022 ജനവരി ഒന്നിന് 36 വയസ് കവിയരുത്.

ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ മാർച്ച് ഏഴിന് വൈകിട്ട് അഞ്ച് മണി വരെ സ്വീകരിക്കും. വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/235/2022)

## അപേക്ഷാ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം 2020 അഡ്മിഷൻ - റെഗുലർ, 2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, 2018, 2017 അഡ്മിഷൻ - റീ-അപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീഅപ്പിയറൻസ് / 2013 അഡ്മിഷൻ - മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്. 2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, സി.ബി.സി.എസ്.എസ് - 2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് നാല് മുതൽ എട്ട് വരെയും 525 രൂപ പിഴയോടു കൂടി മാർച്ച് ഒൻപതിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മാർച്ച് പത്തിനും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ നിരക്കിൽ (പരമാവധി 210 രൂപ) സി.വി. ക്യാമ്പ്

ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം. ഫീസ്, രജിസ്ട്രേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/236/2022)

നാല്, അഞ്ച് സെമസ്റ്റർ ബി.വോക്ക് (2015 - 2018 അഡ്മിഷൻ -സപ്ലിമെന്ററി / 2014 അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് ഏഴ് മുതൽ എട്ട് വരെയും 525 രൂപ പിഴയോട്ടു കൂടി മാർച്ച് ഒൻപതിനും 1050 രൂപ സൂപ്പർ ഫൈനോട്ടു കൂടി മാർച്ച് പത്തിനും അപേക്ഷിക്കാം. ഫീസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് (www.mgu.ac.in) സന്ദർശിക്കുക.

(പി.ആർ.ഒ./39/237/2022)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം - 2019 അഡ്മിഷൻ - റെഗുലർ / 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 18 ന് തുടങ്ങും. പിഴയില്ലാതെ മാർച്ച് എട്ട് വരെയും 525 രൂപ പിഴയോട്ടു കൂടി മാർച്ച് ഒൻപതിനും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മാർച്ച് പത്തിനും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/238/2022)

അഞ്ചാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ / 2017 അഡ്മിഷൻ - സപ്ലിമെന്ററി) / ഡി.ഡി.എം.സി.എ. (2014 - 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 17 ന് തുടങ്ങും. പിഴയില്ലാതെ മാർച്ച് ഏഴ് വരെയും 525 രൂപ പിഴയോട്ടു കൂടി മാർച്ച് എട്ടിനും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മാർച്ച് ഒൻപതിനും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/239/2022)

## പരീക്ഷാ ഫലം

2021 ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ എം.സി.എ. (റെഗുലർ / സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

(പി.ആർ.ഒ./39/240/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ